പതിമൂന്നാം കേരള നിയമസഭ

# പിന്നോക്ക സമുദായക്ഷേമ സമിതി
# (2011–2014)

## രണ്ടാമത് റിപ്പോർട്ട്

(2013 മാർച്ച് മാസം 25-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(വലിയതുറ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ആന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ഭൗതികസൗകര്യങ്ങളും പഠനനിലവാരവും മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

# പിന്നോക്ക സമുദായ ക്ഷേമ സമിതി
# (2011–2014)

രണ്ടാമത് റിപ്പോർട്ട്

(2013 മാർച്ച് മാസം 25–ാം തീയതി സഭയിൽ സമർപ്പിച്ചത്)

(വലിയതുറ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ആന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ഭൗതിക സൗകര്യങ്ങളും പഠനനിലവാരവും മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച്)

474/2013.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 9 |

## പിന്നോക്ക സമുദായക്ഷേമ സമിതി (2011-2014)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. സി. മമ്മൂട്ടി

അംഗങ്ങൾ :

ശ്രീ. കെ. അച്ചുതൻ

,, വി. റ്റി. ബൽറാം

,, പി. കെ. ബഷീർ

,, എ. റ്റി. ജോർജ്

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. സി. കൃഷ്ണൻ

,, പി. റ്റി. എ. റഹീം

,, ആർ. സെൽവരാജ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി.

,, കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി.

,, രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി.

,, ഗോഡ്ഫ്രീ, ഡി. ഡി., അണ്ടർ സെക്രട്ടറി.

# മുഖവുര

സാമ്പത്തികമായും സാമൂഹികമായും പിന്നോക്കാവസ്ഥയിലുള്ള ജനവിഭാഗങ്ങളെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരിക എന്നത് സർക്കാരിന്റെ ഉത്തരവാദിത്ത മാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സർക്കാരിന്റെ പ്രവർത്തനങ്ങളെ സസൂക്ഷ്മം നിരീക്ഷിച്ചും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയും പ്രവർത്തിക്കുന്ന സമിതിയാണ് കേരള നിയമസഭയുടെ പിന്നോക്ക സമുദായക്ഷേമ സമിതി. പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്നവർ നിത്യേനയുള്ള ജീവിതമാർഗ്ഗത്തിന് വഴിതേടുമ്പോൾ സാധാരണയായി അവരുടെ കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ പലപ്പോഴും ഔൽസുക്യം കാണിക്കാറില്ല. ഈ പ്രവണത അവരുടെ ഇടയിൽ വിദ്യാഭ്യാസം കുറയുന്നതിനിടയാകുകയും തൽഫലമായി അവരുടെ ഉന്നതിക്ക് തടസ്സമാകുകയും ചെയ്യാറുണ്ട്. മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസനിലവാരം പൊതുധാരയിൽനിന്നും തികച്ചും വിഭിന്നമാണ്. സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFRI)-ന്റെ കണക്കുപ്രകാരം മത്സ്യമേഖലയിലെ സാക്ഷരതാനിരക്ക് ഏകദേശം 73% മാത്രമാണ്. ഇത് ദൂരീകരിക്കുന്നതിന് കാലാകാലങ്ങളിൽ സർക്കാർ പല പദ്ധതികളും നടപ്പിലാക്കി അവരെ വിദ്യാഭ്യാസ മേഖലയിലേയ്ക്ക് ആകർഷിക്കാ റുണ്ട്. ഇത്തരത്തിൽ പിന്നോക്കക്കാരായ മൽസ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനുവേണ്ടി കേരളത്തിലെ തീരദേശമേഖലകളിൽ പത്ത് ഫിഷറീസ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ഇവിടെ കുട്ടികൾ പഠിക്കുന്ന തിന് എത്താത്ത സ്ഥിതിയാണുള്ളത്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, ഹോസ്റ്റൽ സൗകര്യങ്ങളുടെ അഭാവം, ആവശ്യത്തിന് അദ്ധ്യാപകരില്ലാത്ത സ്ഥിതി, സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വമില്ലായ്മ, സാമ്പത്തികപരാധീനത ഇവയെല്ലാം മേൽപ്പറഞ്ഞ വസ്തുത അടിവരയിടുന്നവയാണ്. ഇത്തരത്തിൽ തലസ്ഥാന നഗരി യിലെ വലിയതുറയിൽ പ്രവർത്തിക്കുന്ന സ്കൂളാണ് ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ആന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ. പ്രസ്തുത സ്കൂളിലെ ഭൗതികസൗകര്യങ്ങളും പഠനനിലവാരവും മെച്ചപ്പെടുത്തുന്നതിന് സമിതി സ്വമേധയാ പരിഗണിച്ച വിഷയമാണ് ഈ റിപ്പോർട്ടിനാധാരം. സമിതിയുടെ സ്കൂൾ സന്ദർശനത്തിൽ നേരിൽ ബോധ്യപ്പെട്ട കാര്യങ്ങളുടെയും തുടർന്ന് നടത്തിയ തെളിവെടുപ്പ് യോഗത്തിലെ വിശദാംശങ്ങളുടെയും അടിസ്ഥാനത്തിൽ സമിതിയുടെ നിഗമനങ്ങളും നിർദ്ദേശങ്ങളും ശുപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ താണ് ഈ റിപ്പോർട്ട്.

പിന്നോക്ക സമുദായക്ഷേമ സമിതി (2011-14) യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2013 മാർച്ച് മാസം 21-ാം തീയതി ചേർന്ന സമിതിയോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

സി. മമ്മൂട്ടി,

*ചെയർമാൻ,*

*പിന്നോക്കസമുദായ ക്ഷേമസമിതി.*

തിരുവനന്തപുരം,

മാർച്ച് 25, 2013.

# റിപ്പോർട്ട്

പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിവിധ സമുദായങ്ങളുടെ സർവ്വതോന്മുഖമായ അഭിവൃദ്ധി ലക്ഷ്യം വച്ച് അവർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന സമിതിയാണ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 261 ഇ പ്രകാരം 1993-ൽ രൂപീകൃതമായ പിന്നോക്ക സമുദായക്ഷേമ സമിതി. പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരുടെ പരാതികളും അവർ നേരിടുന്ന പ്രശ്നങ്ങളും പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, സർക്കാരി ലേക്ക് ശുപാർശകൾ നൽകുക എന്നിവയാണ് സമിതിയുടെ പ്രധാന കർത്തവ്യങ്ങൾ. ഇതിനായി സമിതി വിവിധ ജില്ലകൾ സന്ദർശിച്ച് പിന്നോക്ക ജനവിഭാഗങ്ങളിൽനിന്നും നേരിട്ടും കത്തുമുഖേനയും പരാതികൾ സ്വീകരിക്കുകയും ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും പരിഹാരം നിർദ്ദേശിക്കുകയും ജില്ലാതലത്തിൽ പരിഹരിക്കാൻ സാധിക്കാത്ത പരാതികൾ ബന്ധപ്പെട്ട വകുപ്പുകളിൽനിന്ന് റിപ്പോർട്ട് ലഭ്യമാക്കുകയും ആവശ്യമെങ്കിൽ വകുപ്പുമേധാവികൾ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥ രിൽനിന്ന് തെളിവെടുക്കുകയും ചെയ്യുന്നു. പ്രസ്തുത റിപ്പോർട്ടുകളും മറുപടികളും സമിതി വിശകലനം ചെയ്ത് പരിഹാരനടപടികൾ നിർദ്ദേശിക്കുകയും ചെയ്യുന്നു.

വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗ ങ്ങൾക്ക് സാമൂഹ്യനീതിയും ഉയർന്ന വിദ്യാഭ്യാസ നിലവാരവും ഉറപ്പുവരുത്തുന്നതി നുള്ള നടപടി സ്വീകരിക്കുക എന്നത് സമിതിയുടെ പ്രധാന പ്രവർത്തന ലക്ഷ്യമാണ്. ഇതിന്റെ ഭാഗമായി പിന്നോക്കക്കാരായ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്ന തിരുവനന്തപുരം ജില്ലയിലെ വലിയതുറ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ആന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ഭൗതിക സൗകര്യങ്ങളും പഠന നിലവാരവും മെച്ചപ്പെടുത്തുന്നതിന് സമിതി സ്വമേധയാ പരിഗണിച്ച വിഷയമാണ് ഈ റിപ്പോർട്ടിനാധാരം.

പ്രസ്തുത സ്കൂളിലെ ടോയ്‌ലറ്റിലെ ക്ലോസറ്റുകൾ നിറഞ്ഞു കവിഞ്ഞൊഴുകുന്നു വെന്നും കുട്ടികളിൽ പലർക്കും സാംക്രമിക രോഗങ്ങളും ത്വക്ക് രോഗങ്ങളും ഉണ്ടെന്നു മുള്ള മാദ്ധ്യമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സമിതി ഈ വിഷയം പരിഗണിക്കാനിടയായത്.

പ്രസ്തുത സ്കൂളുമായി ബന്ധപ്പെട്ട് വന്ന പത്രവാർത്തയെ തുടർന്ന് 2012 നവംബർ 4-ന് നിയമസഭാ കോംപ്ലക്സിൽ ചേർന്ന പിന്നോക്ക സമുദായക്ഷേമ സമിതി, വലിയതുറ ഫിഷറീസ് സ്കൂൾ സന്ദർശിച്ച് തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുകയുണ്ടായി.

ഇതുപ്രകാരം 2012 നവംബർ 21-ന് സമിതി വലിയതുറ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ആന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ സന്ദർശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. സ്കൂളിന്റെ ശോച്യാവസ്ഥ സമിതിക്കു നേരിൽ കണ്ടു ബോധ്യമാവുകയുണ്ടായി.

സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി 1968-ൽ തിരുവനന്തപുരം നഗരാതിർത്തിയിലെ വലിയതുറയിൽ സ്ഥാപിക്കപ്പെട്ട ഒരു വിദ്യാലയമാണ് ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ആന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ. 1.61 ഏക്കർ സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഈ സ്കൂൾ ഏകദേശം 100 വർഷം പഴക്കമുള്ളതും തുറമുഖ വകുപ്പ് ഉപയോഗിച്ചിരുന്നതുമായ ഒരു പഴയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ജില്ലാ പഞ്ചായത്തും, നഗരസഭയും, വൈദ്യുതി ബോർഡും, ഫിഷറീസ് വകുപ്പും കൈകാര്യം ചെയ്യേണ്ട വിവിധ പ്രശ്നങ്ങളാണ് സ്കൂളിൽ നിലവിലുള്ളതെന്നും കുട്ടികൾക്ക് സുഗമമായി പഠിക്കുന്നതിനുള്ള സംവിധാനമില്ലാത്തതാണ് വലിയ ന്യൂനതയെന്നും സമിതി മനസ്സിലാക്കി. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട ഈ സ്കൂളിന്റെ അറ്റകുറ്റപ്പണികൾ ജില്ലാ പഞ്ചായത്തിന്റെ പദ്ധതികൾ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. വിദ്യാഭ്യാസ വകുപ്പിൽനിന്നുള്ള അദ്ധ്യാപകരും ഫിഷറീസ് വകുപ്പിൽ നിന്നുള്ള സാങ്കേതിക വിഭാഗം അദ്ധ്യാപകരും ഈ സ്കൂളിൽ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്കൂളിൽ 2012-13 വർഷത്തിൽ 8, 9, 10 എന്നീ ക്ലാസുകളിലായി 107 വിദ്യാർത്ഥികൾ ഹോസ്റ്റലിൽ താമസിച്ചും, 98 വിദ്യാർത്ഥികൾ വി.എച്ച്.എസ്.ഇ. വിഭാഗത്തിലും പഠിച്ചുവരുന്നു.

പ്രധാനമായും സ്കൂൾ ഹോസ്റ്റലിലെ സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ഹോസ്റ്റലിലെ അപര്യാപ്തമായ താമസസൗകര്യം, ശുദ്ധജലത്തിന്റെ ലഭ്യതക്കുറവ്, സാനിറ്റേഷന്റെ അപര്യാപ്തത, അടുക്കള, ഡൈനിംഗ് ഹാൾ എന്നിവയിലെ അസൗകര്യങ്ങൾ എന്നീ വിഷയങ്ങൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുകയും ഇതു സംബന്ധിച്ച വിശദമായ അഭിപ്രായം ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആരായുകയും ചെയ്തു. സ്കൂൾപരിസരവും അടുക്കളയും ലാബും പുതുതായി നിർമ്മിച്ച കെട്ടിടവും ഹാളും സമിതി കാണുകയും 107 കുട്ടികൾ താമസിച്ചു പഠിക്കുന്ന ഈ സ്കൂളിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളില്ലെന്ന് ബോധ്യപ്പെടുകയും ചെയ്തു. അടുക്കള വൃത്തിഹീനമാണെന്ന് കണ്ട സമിതി, പുതിയ ഡൈനിംഗ് ഹാളും അടുക്കളയും ഉപയോഗപ്രദമാക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സമിതി വിദ്യാർത്ഥികളിൽനിന്ന് വിവരങ്ങൾ ആരായുകയും ലാബിലെ പരിമിതമായ സൗകര്യങ്ങൾ മനസ്സിലാക്കുകയുമുണ്ടായി. നല്ലൊരു പുതിയ കെട്ടിടം ഉണ്ടായിട്ടും അത് പ്രയോജനപ്പെടുത്താത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും സ്കൂൾ അധികൃതരുടെ ഭാഗത്തുനിന്നും കുറ്റകരമായ അനാസ്ഥ ഉണ്ടായതായി വിലയിരുത്തുകയുമുണ്ടായി. ഇത്രയും കുട്ടികൾ താമസിച്ചുപഠിക്കുന്ന ഈ സ്കൂളിൽ സ്ഥിരം വാർഡനെ നിയമിച്ചിട്ടില്ലായെന്നതും താൽക്കാലികമായി ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ വാർഡനായി ജോലി ചെയ്യുന്നു എന്നതും അധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി സമിതി വിലയിരുത്തി.

സ്കൂളിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നത് സംബന്ധിച്ച് ഫിഷറീസ്, തദ്ദേശ സ്വയംഭരണം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പ് സെക്രട്ടറിമാരിൽനിന്നും ഊർജ്ജം, ജലവിഭവം എന്നീ വകുപ്പുകളുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുവാനും സമിതി തീരുമാനിക്കുകയുണ്ടായി. കൂടാതെ പുതിയ കെട്ടിടം ഉപയോഗയോഗ്യമാക്കുന്നതിന് അടിയന്തരമായി എന്തൊക്കെ കാര്യങ്ങളാണ്

ചെയ്യേണ്ടത് എന്നത് സംബന്ധിച്ച് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറോട് സമിതിക്ക് വിശദമായ റിപ്പോർട്ട് നൽകുവാനും ആവശ്യപ്പെട്ടു. പ്രസ്തുത റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുകയുണ്ടായി.

2012 ഡിസംബർ 4-ാം തീയതി നിയമസഭാ കോംപ്ലക്സിൽ ചേർന്ന പിന്നോക്കസമുദായക്ഷേമ സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ഈ വിഷയത്തിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച റിപ്പോർട്ടുകൾ പരിഗണിക്കുകയും തദ്ദേശസ്വയംഭരണം, പൊതുവിദ്യാഭ്യാസം, ഫിഷറീസ് എന്നീ വകുപ്പ് സെക്രട്ടറിമാർ, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം കോർപ്പറേഷൻ, കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ, സ്കൂൾ അധികൃതർ എന്നിവരിൽനിന്നും തെളിവെടുപ്പു നടത്തുകയും ചെയ്തു.

ടി സ്കൂളിന്റെ ശോച്യാവസ്ഥ കണക്കിലെടുത്ത് ജില്ലാ പഞ്ചായത്ത് ഒരു പുതിയ ഹോസ്റ്റൽ മന്ദിരം നിർമ്മിക്കുകയും സ്കൂൾ പ്രവർത്തിക്കുന്ന ഷെഡ് 5 ലക്ഷം രൂപ ചെലവഴിച്ച് പുതുക്കിപ്പണിയുകയും ചെയ്തിട്ടുള്ളതായി ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. പുതുക്കി പണിത ഈ ഷെഡ്ഡിലാണ് ഇപ്പോൾ ക്ലാസുകൾ നടന്നുവരുന്നതെന്നും 2010-ൽ നിർമ്മിച്ച പുതിയ ഹോസ്റ്റൽ കെട്ടിടത്തിന് നഗരസഭ ഇതുവരെ നമ്പർ നൽകാത്തതിനാൽ വൈദ്യുതി കണക്ഷന് അപേക്ഷിക്കാനായിട്ടില്ലായെന്നും ആയതിനാൽ പ്രസ്തുത കെട്ടിടം ഉപയോഗിക്കാതെ കിടക്കുകയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. കെട്ടിടത്തിന് റ്റി.സി. നമ്പർ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ നഗരസഭയോടും അതിനുള്ള അപേക്ഷ ജില്ലാ പഞ്ചായത്തുവഴി സമർപ്പിക്കുവാൻ സ്കൂൾ അധികൃതരോടും സമിതി നിർദ്ദേശിക്കുകയുണ്ടായി. നമ്പർ ലഭിച്ചതിനുശേഷം വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ കെ.എസ്.ഇ.ബി.ക്കും സമിതി നിർദ്ദേശം നൽകുകയുണ്ടായി. അപേക്ഷ ലഭിച്ചാൽ ഒരാഴ്ചയ്ക്കുള്ളിൽ കെട്ടിട നമ്പർ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് നഗരസഭയും, നിയമാനുസൃതമായ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ മൂന്ന് ദിവസത്തിനുള്ളിൽ വൈദ്യുതി കണക്ഷൻ നൽകുമെന്ന് വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥരും സമിതിക്ക് ഉറപ്പുനൽകി.

സംസ്ഥാനത്തെ ഫിഷറീസ് സ്കൂളുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി 13-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് ഗ്രാന്റ് ഉപയോഗിച്ച് മാതൃകാ മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ ഫിഷറീസ് സ്കൂളിനും 4 കോടി രൂപ ചെലവിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്ന് ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ സമിതിയിൽ അറിയിക്കുകയുണ്ടായി. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെയാണ് (കെ.എസ്.ഡി.എ.ഡി.സി.) ഈ പദ്ധതിയുടെ നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളതെന്നും അറിയിക്കുകയുണ്ടായി. ധനകാര്യ കമ്മീഷന്റെ ഭാഗമായുള്ള ഈ പ്രോജക്ടിന്റെ ഡി.പി.ആർ.ഉം മറ്റും തയ്യാറാക്കി നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിന് കുറഞ്ഞത് മൂന്ന് വർഷമെങ്കിലും എടുക്കുമെന്ന് വിലയിരുത്തിയ സമിതി, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അടിയന്തിരമായി ഒരുക്കുന്നതിന് എന്ത് ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കാൻ ഫിഷറീസ് വകുപ്പ്, ജില്ലാപഞ്ചായത്ത് എന്നിവരോട് ആവശ്യപ്പെട്ടു. ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ സ്കൂളിനായി ഈ സാമ്പത്തിക വർഷത്തിൽ

അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്നും അടുത്ത സാമ്പത്തികവർഷത്തിൽ കൂടുതൽ തുക അനുവദിച്ചുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുമെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, 75 ലക്ഷം രൂപ ചെലവഴിച്ചു നിർമ്മിച്ചു നൽകിയ പുതിയ ഹോസ്റ്റൽ കെട്ടിടത്തിലെ സ്റ്റോർ റൂമിൽ മുകളിലത്തെ നിലയിലെ ബാത്ത് റൂമിൽനിന്നും മലിനജലം വീണുകൊണ്ടിരുന്നതിനാൽ അവിടെ സാധനങ്ങൾ സ്റ്റോക്ക് ചെയ്യാൻ കഴിയാത്ത സാഹചര്യം ഉണ്ടായിരുന്നതായും തുടർന്ന് മുകളിലത്തെ നിലയിലെ ടോയ്‌ലെറ്റുകൾ ക്ലോസ് ചെയ്ത് താഴത്തെ നിലയിൽ പുതിയവ നിർമ്മിച്ചിട്ടുണ്ടെന്നുള്ള വിവരവും സമിതിയെ അറിയിക്കുകയുണ്ടായി.

പാചകപ്പുരയിൽനിന്നും കുളിമുറിയിൽനിന്നും വരുന്ന മലിനജലം ഒഴുകിപ്പോകുന്നതിനാവശ്യമായ ഡ്രെയിനേജ് നിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയുണ്ടായി.

വിദ്യാർത്ഥികളുടെ പ്രതിമാസ മെസ്സ് അലവൻസ് 1,000 രൂപയാണെന്നും ഈ തുക അപര്യാപ്തമാണെന്നും വിലയിരുത്തിയ സമിതി, മെസ്സ് അലവൻസ് ഏറ്റവും കുറഞ്ഞത് 1,500 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിക്കുകയുണ്ടായി. ഇതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് അയച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രൊപ്പോസൽ തദ്ദേശസ്വയംഭരണ വകുപ്പു വഴി സബ്മിറ്റ് ചെയ്യാനാണ് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നതെന്നും ഫിഷറീസ് വകുപ്പ് അധികൃതർ സമിതിയെ ബോധ്യപ്പെടുത്തി. ഡിപ്പാർട്ട്മെന്റിന്റെ കൺകറൻസ് ലഭിക്കുന്നതിനായി ധനകാര്യ വകുപ്പിൽ ആവശ്യമായ സമ്മർദ്ദം ചെലുത്താൻ സമിതി നിർദ്ദേശിക്കുകയും ചെയ്തു.

പ്രസ്തുത സ്കൂളിൽ ഗവൺമെന്റ് സബ്സിഡി റേറ്റിൽ ഒരുമാസം 16 ഗ്യാസ് സിലിണ്ടറുകൾ പാചകാവശ്യത്തിലേക്കായി ലഭ്യമായിരുന്നത് പുതിയ തീരുമാന പ്രകാരം ഒരുമാസം 6 ഗ്യാസ് സിലിണ്ടറുകൾ മാത്രമേ ലഭിക്കുകയുള്ളൂവെന്നും സ്കൂൾ അധികൃതർ സമിതിയെ അറിയിച്ചു. 107 കുട്ടികളുടെ പാചകാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി ഇത് തികച്ചും അപര്യാപ്തമാണെന്ന് കണ്ടെത്തിയ സമിതി, സബ്സിഡി റേറ്റിൽ സ്കൂൾ മെസ്സിലേക്ക് ആവശ്യമായ ഗ്യാസ് സിലിണ്ടറുകൾ ലഭ്യമാക്കാൻ ജില്ലാ കളക്ടർ, ജില്ലാ സപ്ലൈ ഓഫീസർ എന്നിവർക്ക് അപേക്ഷ നൽകാൻ നിർദ്ദേശിക്കുകയും, വിലയ്ക്ക് വാങ്ങുന്ന ഗ്യാസ് സിലിണ്ടറിന്റെ ഉപയോഗം ഒരു പരിധിവരെ കുറയ്ക്കാൻ പാചക ഭക്ഷണാവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിലേക്കായി ഒരു ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് കേരള ശുചിത്വമിഷൻ, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളോട് ആവശ്യപ്പെടുകയുമുണ്ടായി.

കുട്ടികൾക്ക് ബങ്ക് ബെഡ്ഡുകൾ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ലായെന്നും തറയിൽ ബെഡ് ഇട്ട് കിടക്കുന്നതിനുള്ള സൗകര്യം മാത്രമേയുള്ളൂവെന്നും ഒരു റൂമിൽ 12 കുട്ടികൾക്ക് 6 ബെഡ് മാത്രമാണ് നൽകിയിരിക്കുന്നതെന്നും ഉള്ള വിഷയങ്ങൾ സമിതി ചൂണ്ടിക്കാണിക്കുകയും ഇതിന് പരിഹാരം കാണാൻ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. പുതിയ ഫർണിച്ചർ ലഭ്യമാകുന്നതുവരെ ഇപ്പോഴുള്ള കട്ടിലുകൾ റിപ്പയർ ചെയ്ത് ഉപയോഗിക്കാനും സമിതി നിർദ്ദേശിക്കുകയുണ്ടായി.

വെള്ളം പമ്പ് ചെയ്യുന്ന മോട്ടോർ അടുക്കളയിലാണ് സ്ഥാപിച്ചിരിക്കുന്നത് എന്ന് കണ്ടെത്തിയ സമിതി ഈ മോട്ടോർ മറ്റൊരു സ്ഥലത്ത് മാറ്റി സ്ഥാപിച്ചതിനുശേഷം മാത്രമേ അടുക്കള ഉപയോഗിക്കാവൂ എന്ന് നിർദ്ദേശം നൽകി. പുതിയ കെട്ടിടത്തിലേക്ക് ഡൈനിംഗ് ഹാളും അടുക്കളയും എല്ലാ സൗകര്യങ്ങളോടെ സമയബന്ധിതമായി മാറ്റണമെന്ന് സമിതി ചൂണ്ടിക്കാണിച്ചപ്പോൾ പുതിയ അടുക്കളയുടെ മെയിന്റനൻസ് നടന്നുകൊണ്ടിരിക്കുകയാണെന്നും 30 ദിവസത്തിനുള്ളിൽ ഈ ജോലികൾ പൂർത്തിയാക്കാമെന്നും ഫിഷറീസ് വകുപ്പ് അധികൃതർ സമിതിയെ അറിയിച്ചു. ഹോസ്റ്റലിലേക്ക് ആവശ്യമായ ശുദ്ധജല ലഭ്യത ഉറപ്പുവരുത്താൻ വാട്ടർ അതോറിറ്റി നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

വൈദ്യുതി കണക്ഷൻ ലഭിച്ചാലുടൻതന്നെ എം.പി. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ആഡിറ്റോറിയം പ്രവർത്തന സജ്ജമാക്കാൻ നടപടി വേണമെന്നും കാട് പിടിച്ചുകിടക്കുന്ന ഭാഗം കളിസ്ഥലമാക്കി മാറ്റണമെന്നും പൊളിഞ്ഞുകിടക്കുന്ന ചുറ്റുമതിൽ പുനർനിർമ്മിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

സുരക്ഷിതത്വവുമായി ബന്ധപ്പെട്ട് വാർഡന്റേയും സെക്യൂരിറ്റിയുടേയും സേവനം ഇപ്പോൾ ലഭിക്കുന്നില്ലെന്നും ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർക്കാണ് വാർഡന്റെ ചുമതലയെന്നും മനസ്സിലാക്കിയ സമിതി, വാർഡന്റെ സ്ഥിരം തസ്തികയ്ക്ക് വേണ്ടിയുള്ള പ്രൊപ്പോസൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന് നൽകാൻ നിർദ്ദേശിച്ചു. ടീച്ചിംഗ് സ്റ്റാഫ്, വാർഡൻ, സെക്യൂരിറ്റി എന്നിവ ഉൾപ്പെടെ സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് സ്റ്റാഫിന്റെ എത്ര തസ്തികകൾ കൂടി വേണമെന്ന് കണക്കാക്കിയതിനുശേഷം ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ഇതിനുള്ള പ്രൊപ്പോസൽ വിദ്യാഭ്യാസ വകുപ്പിന് നൽകിയാൽ അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കാമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് സമിതിയെ അറിയിച്ചു.

സാമൂഹ്യമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഇപ്പോൾ ഏറ്റവും പിന്നോക്കം നിൽക്കുന്ന മത്സ്യബന്ധന മേഖലയിലെ ജനവിഭാഗങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമിട്ട് നാൽപ്പത് വർഷം മുൻപ് തലസ്ഥാനനഗരിക്ക് ഏറ്റവും അടുത്തുള്ള സ്ഥലത്ത് ആരംഭിച്ച ഈ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ ഞെട്ടലുളവാക്കിയെന്നും, പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി സർക്കാർ നിരവധി പദ്ധതികളിലൂടെ വർഷംതോറും ധാരാളം പണം ചെലവാക്കിയിട്ടും ഭരണസിരാകേന്ദ്രത്തിന് തൊട്ടടുത്തു സ്ഥിതിചെയ്യുന്ന ഈ സ്ഥാപനത്തിന്റെ പരാധീനതകൾ പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ ഇതുവരെയായും സ്വീകരിക്കാതിരുന്നത് ഒട്ടും ന്യായീകരണമർഹിക്കുന്നില്ലായെന്നും, ദരിദ്രമായ ചുറ്റുപാടുകളിൽ നിന്നുമുള്ള ഈ വിഭാഗങ്ങളെ സംബന്ധിച്ചുള്ള കാര്യത്തിൽ കൂടുതൽ ശ്രദ്ധയോടെ ക്രിയാത്മകമായി പ്രവർത്തിക്കേണ്ടതുണ്ടെന്നും ഇതിന് ബന്ധപ്പെട്ടവർ മതിയായ ശ്രദ്ധ ചെലുത്തണമെന്നും സമിതി അഭിപ്രായപ്പെടുകയുണ്ടായി.

വലിയതുറ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ആന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിനെ സംബന്ധിച്ച് വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടേയും തുടർന്ന് നടത്തിയ തെളിവെടുപ്പിന്റേയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന

നിഗമനങ്ങളിൽ സമിതി എത്തിച്ചേർന്നു. ആയത് പരിഹരിക്കുന്നതിന് ആവശ്യമായ സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു.

**നിഗമനങ്ങൾ**

107 വിദ്യാർത്ഥികൾ താമസിച്ചു പഠിക്കുന്ന ഈ സ്കൂളിന് ഒരു റെസിഡെൻഷ്യൽ സ്കൂളിനാവശ്യമായ മതിയായ ഭൗതിക സൗകര്യങ്ങളില്ല.

തികച്ചും അനാരോഗ്യകരമായ ചുറ്റുപാടുകളിലാണ് കുട്ടികളുടെ താമസവും പഠനവും നടക്കുന്നത്.

സ്കൂളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിൽ സ്കൂൾ അധികൃതരുടെ ഭാഗത്തുനിന്നും കുറ്റകരമായ അനാസ്ഥ ഉണ്ടായി.

വിവിധ വകുപ്പുകൾ ഏകോപിപ്പിച്ച് പ്രവർത്തിച്ചാൽ മാത്രമേ സ്കൂളിന്റെ ശോച്യാവസ്ഥയ്ക്ക് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ.

ഈ സ്കൂളിനെ സംബന്ധിച്ചിടത്തോളം, ഭൂരിഭാഗം രക്ഷാകർത്താക്കളും വേണ്ടത്ര വിദ്യാഭ്യാസം ഇല്ലാത്തവരായതിനാൽ സ്കൂളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ പി.ടി.എ.-യുടെ ഇടപെടൽ ഫലപ്രദമാകുന്നില്ല.

സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു സ്ഥിരം സംവിധാനം ഇല്ലാത്തത് സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്നു.

**ശിപാർശകൾ**

(1) വലിയതുറ ഗവൺമെന്റ് റീജിണൽ ഫിഷറീസ് ടെക്നിക്കൽ ആന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ഭൗതിക സൗകര്യങ്ങളും പഠന നിലവാരവും മെച്ചപ്പെടുത്തുന്നതിനും സ്കൂളിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ്, പൊതുവിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, ജലവിഭവം, ഊർജ്ജം, ധനകാര്യം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും, എം.പി., എം.എൽ.എ. എന്നിവരുടെ പ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് പ്രതിനിധി, കോർപ്പറേഷൻ കൗൺസിലർ, സ്കൂൾ അധികൃതർ, രക്ഷാകർതൃ പ്രതിനിധി എന്നിവർ ഉൾപ്പെടുന്ന ഒരു ഏകോപന സമിതി രൂപീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഇപ്രകാരം രൂപീകരിക്കുന്ന ഏകോപന സമിതി മാസത്തിലൊരിക്കലെങ്കിലും യോഗം ചേരണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(2) സ്കൂളിന്റെയും ഹോസ്റ്റലിന്റെയും എല്ലാ പ്രവർത്തനങ്ങളും പ്രസ്തുത സമിതിയുടെ നിർദ്ദേശങ്ങളുടെയും ഉപദേശങ്ങളുടെയും അടിസ്ഥാനത്തിൽ നടത്തുന്നതിനും, ഇപ്രകാരം നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ മോണിട്ടർ ചെയ്യുന്നതിനുമുള്ള സംവിധാനങ്ങൾ സർക്കാർതലത്തിൽ ഉണ്ടാക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(3) 13-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് ഗ്രാന്റ് ഉപയോഗിച്ച് മാതൃകാ മത്സ്യ ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷറീസ് സ്കൂൾ പുനരുദ്ധാരണം നടത്തുന്നതുവരെ നിലവിലെ അപര്യാപ്തതകൾ അടിയന്തരമായി പരിഹരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(4) സ്കൂളിന്റെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനും, ടീച്ചിംഗ്-നോൺ ടീച്ചിംഗ് സ്റ്റാഫിനെ നിയമിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(5) ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ കിടക്ക, കസേര, മേശ എന്നിവയും ഇവരുടെ പുസ്തകങ്ങളും ഡ്രസ്സുകളും വെയ്ക്കുന്ന തിനാവശ്യമായ റാക്കുകളും അലമാരകളും ഉടനടി ലഭ്യമാക്കുന്നതിനും ഇവർക്ക് ഭക്ഷണം കഴിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഹോസ്റ്റൽ മെസ്സ് ഹാളിൽ ഏർപ്പെടുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(6) ഹോസ്റ്റലിന്റെയും കുട്ടികളുടെയും സുരക്ഷയ്ക്കായി പൊളിഞ്ഞു കിടക്കുന്ന ചുറ്റുമതിൽ പുനർനിർമ്മിക്കുന്നതിനും കായികോല്ലാസത്തിനായി നിലവിൽ ഉപയോഗശൂന്യമായി കാട് പിടിച്ചുകിടക്കുന്ന കളിസ്ഥലം ഉപയോഗയോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(7) ഹോസ്റ്റലിലെ കുട്ടികൾക്ക് നിലവിലുള്ള മെസ് അലവൻസായ 1,000 രൂപ നിലവിലുള്ള സാഹചര്യത്തിൽ തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുക യുണ്ടായി. ഈ തുക അടിയന്തരമായി 1,500 രൂപയായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീ കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(8) 100-ൽപ്പരം കുട്ടികൾക്ക് ഭക്ഷണം പാചകം ചെയ്യുന്നതിനായി ഹോസ്റ്റൽ മെസിന് പ്രതിമാസം പതിനാറോളം ഗ്യാസ് സിലിണ്ടറുകൾ ആവശ്യമായി വരുന്ന സാഹചര്യത്തിൽ ഇത്രയും സിലിണ്ടറുകൾ സബ്സിഡി നിരക്കിൽ സ്കൂളിൽ ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(9) വിപണി നിരക്കിൽ വാങ്ങുന്ന ഗ്യാസ് സിലിണ്ടറുകളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിലേക്കായി പാചക-ഭക്ഷണാവശിഷ്ടങ്ങൾ സംസ്കരിച്ച് പാചകവാതകം ഉൽപ്പാദിപ്പിക്കുന്നതിനായി ഒരു ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(10) കേരളത്തിലെ മറ്റ് 9 ഫിഷറീസ് സ്കൂളുകളുടെയും ഭൗതികസാഹചര്യങ്ങളും പഠനനിലവാരവും മെച്ചപ്പെടുത്തുന്നതിന് വലിയതുറ റീജിയണൽ ഫിഷറീസ് ഹയർ സെക്കൻഡറി സ്കൂളിൽ ഏർപ്പെടുത്തിയ മാതൃകയിൽ സ്കൂൾ പ്രതിനിധികളും ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികളും, എം.പി., എം.എൽ.എ. എന്നിവരുടെ പ്രതിനിധികളും ഉൾപ്പെടുന്ന ഏകോപന സമിതി എല്ലാ സ്കൂളുകളിലും രൂപീകരിക്കുന്ന തിനും ഇപ്രകാരം നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ ഏകോപിപ്പിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സമിതിയുടെ തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ ഏകോപന സമിതി രൂപീകരിച്ചുകൊണ്ടുള്ള മത്സ്യബന്ധന തുറമുഖ (സി) വകുപ്പിന്റെ സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.

തിരുവനന്തപുരം,
2013 മാർച്ച് 21.

സി. മമ്മൂട്ടി,
*ചെയർമാൻ,*
*പിന്നോക്ക സമുദായക്ഷേമ സമിതി.*